STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.31/PR/SPMC/PHQ/2024 Date:07.05.2024

# വീടുപൂട്ടി യാത്ര പോകുന്നവർ പോൽ-ആപ്പിലൂടെ വിവരമറിയിച്ചാൽ പ്രത്യേക പോലീസ് നിരീക്ഷണം

അവധിക്കാലത്ത് വീടുപൂട്ടി യാത്രചെയ്യുന്നവർ അക്കാര്യം പോലീസിൻറെ മൊബൈൽ ആപ്പ് വഴി അറിയിച്ചാൽ വീട്ടിലും പരിസരത്തും പ്രത്യേക പൊലീസ് നിരീക്ഷണം ഏർപ്പെടുത്തും. ഏപ്രിൽ ഒന്നുമുതൽ മെയ് ആറുവരെ സംസ്ഥാനത്ത് ഈ സൗകര്യം വിനിയോഗിച്ചത് 1231 പേരാണ്.

പോലീസിൻറെ ഔദ്യോഗിക മൊബൈൽ ആപ്പായ പോൽ-ആപ്പ് ഡൗൺലോഡ് ചെയ്ത ശേഷം അതിലെ ലോക്ക്ഡ് ഹൗസ് ഇൻഫർമേഷൻ എന്ന വിഭാഗത്തിലാണ് ഇതിനായി അപേക്ഷിക്കേണ്ടത്. യാത്ര പുറപ്പെടുന്നതിനു 48 മണിക്കൂർ മുൻപെങ്കിലും ഇങ്ങനെ വിവരം നൽകണം. യാത്രപോകുന്ന ദിവസങ്ങൾ, വീട് സ്ഥിതിചെയ്യുന്ന സ്ഥലം, വിലാസം, ബന്ധുവിൻറെയോ അയൽവാസിയുടെയോ പേരും ഫോൺ നമ്പറും എന്നിവ ആപ്പിൽ നൽകേണ്ടതുണ്ട്. ഏഴു ദിവസം മുൻപുവരെ വിവരം പോലീസിനെ അറിയിക്കാവുന്നതാണ്. പരമാവധി 14 ദിവസം വരെ വീടും പരിസരവും പോലീസ് നിരീക്ഷണത്തിലായിരിക്കും.

ഗൂഗിൾ പ്ലേസ്റ്റോറിലും ആപ്പ്സ്റ്റോറിലും പോൽ-ആപ്പ് ലഭ്യമാണ്.

***************